പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 199 — 18.12.2012 ലെ മറുപടിയ്ക്ക്

## കാരുണ്യാബെനവലന്റ് ഫണ്ട് സഹായ നിബന്ധനകൾ

**ചോദ്യം**

ശ്രീ. എ. കെ. ശശീന്ദ്രൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാരുണ്യാ ബെനവലന്റ് ഫണ്ടിൽ നിന്നും നിർദ്ധനരായ രോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാം ; ഈ നിബന്ധനകൾ രോഗികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കാറുണ്ടോ ; എങ്കിൽ നിബന്ധനകൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | ചികിത്സ നടത്തുന്ന ഡോക്ടറുടെ എസ്റ്റിമേറ്റും റേഷൻകാർഡിലെ വരുമാനവും അടിസ്ഥാനമാക്കിയാണ് ധനസഹായം ആശുപത്രികൾക്ക് നൽകുന്നത്. കാലതാമസം ഒഴിവാക്കുന്നതിനായി അടിയന്തിര ചികിത്സാ അനുമതി നൽകുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തന്നെ ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം ചികിത്സയെ ബാധിക്കാതിരിക്കുന്നതിനായി മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ജില്ലാതല സർക്കാർ ആശുപത്രികൾക്ക് 10 ലക്ഷം രൂപ കരുതൽ ഫണ്ടും അനുവദിച്ചിട്ടുണ്ട്. മൂന്ന് ലക്ഷം രൂപയിൽ കവിയാതെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി രണ്ട് ലക്ഷം രൂപയാണ് ചികിത്സാ ധനസഹായം ലഭിക്കുന്നത്. ഇപ്പോഴുള്ള നിബന്ധനകൾ രോഗികൾക്ക് പ്രയാസം സൃഷ്ടിക്കുന്നില്ല. എന്നിരിക്കിലും, പദ്ധതിയുടെ നടത്തിപ്പിനിടയിൽ വരുന്ന പ്രയാസങ്ങൾക്ക് പരിഹാര മാർഗ്ഗം കണ്ട്, പദ്ധതിയുടെ നടത്തിപ്പു ലഘൂകരിക്കുന്നതിനുള്ള നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങൾക്കാണ് സാമ്പത്തിക സഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | ക്യാൻസർ, വൃക്കരോഗം, ഹൃദ്രോഗം, തലച്ചോർ, കരൾ എന്നിവയുടെ സർജറിക്കും ഹീമോഫീലിയ രോഗത്തിന്റെ ചികിത്സയ്ക്കും പാലിയേറ്റീവ് കെയറിനുമാണ് ധനസഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ.